പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1562 12-06-2019-ലെ മറുപടിയ്ക്ക്

## കാർഷിക കടങ്ങൾക്കുള്ള മോറട്ടോറിയം കാലാവധി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി.ടി. തോമസ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അനിൽ അക്കര<br>ശ്രീ.വി.ഡി.സതീശൻ** | | **ശ്രീ.വി.എസ്. സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | കാർഷിക കടങ്ങൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നോ; ഉണ്ടെങ്കിൽ ആയത് ഏതെല്ലാം തീയതികളിലായിരുന്നു; | (എ) | 2018 ആഗസ്റ്റ് മാസത്തിലെ മഹാപ്രളയം കണക്കിലെടുത്ത് കാർഷിക കടങ്ങളിന്മേലുള്ള ജപ്തി നടപടികൾക്ക് 12.10.2018-ൽ സ.ഉ.(എം.എസ്)367/2018/റവ നം. സർക്കാർ ഉത്തരവ് പ്രകാരം ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. ആയത് 27.05.2019-ലെ സ.ഉ.(കൈ)നം.146/2019/റവ നം. സർക്കാർ ഉത്തരവ് പ്രകാരം 31.12.2019 വരെ ദീർഘിപ്പിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | തിരഞ്ഞെടുപ്പ് വിജ്ഞാപനത്തിന് തൊട്ടുമുൻപ് മോറട്ടോറിയത്തിന്റെ കാലാവധി നീട്ടുന്നതിന് ക്യാബിനറ്റ് തീരുമാനം എടുക്കുവാനുണ്ടായ അടിയന്തര സാഹചര്യം വ്യക്തമാക്കുമോ; എങ്കിൽ എന്ന് ചേർന്ന ക്യാബിനറ്റിലാണ് പ്രസ്തുത തീരുമാനം എടുത്തതെന്ന് അറിയിക്കാമോ; | (ബി) | 2018 ആഗസ്റ്റ് മാസത്തെ മഹാപ്രളയത്തിൽ കാർഷിക മേഖലയ്ക്കുണ്ടായ വൻനാശ നഷ്ടം കണക്കിലെടുത്ത് കർഷക വായ്പകളിന്മേൽ മൊറട്ടോറിയം ഉൾപ്പെടെയുമുള്ള ആനുകൂല്യം നൽകാൻ 05.03.2019-ലെ മന്ത്രിസഭാ യോഗത്തിൽ തീരുമാനമെടുത്തു. |
| (സി) | പ്രസ്തുത ഉത്തരവ് പ്രകാരം ഏതെല്ലാം വിഭാഗം വായ്പകൾക്കാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് അറിയിക്കുമോ; | (സി) | കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള ക്ഷീരവികസനവും, മൃഗസംരക്ഷണവും ഉൾപ്പെടെയുള്ള കാർഷിക വായ്പകൾ, വിദ്യാഭ്യാസ വായ്പകൾ എന്നിവ ഉൾപ്പെടെയുള്ള കർഷകർ എടുത്തിട്ടുള്ള എല്ലാവിധ വായ്പകൾക്കും മൊറട്ടോറിയത്തിന്റെ ആനുകൂല്യം ലഭ്യമാകുന്നു. |
| (ഡി) | മുൻകാലങ്ങളിൽ ഇപ്രകാരം മോറട്ടോറിയത്തിന്റെ കാലാവധി നീട്ടുന്നതിന് തീരുമാനം | (ഡി) | 05.08.2016-ലെ സ.ഉ (എം.എസ്)444/16/റവ നം. സർക്കാർ ഉത്തരവ് പ്രകാരം വയനാട് ജില്ലയിലെ കർഷകർ വിവിധ ധനകാര്യ |

| | | |
|---|---|---|
| | എടുത്തിരുന്ന കാലഘട്ടവും സാഹചര്യവും വ്യക്തമാക്കുമോ ? | സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്ക് മൂന്നു മാസത്തേയ്ക്ക് (2016 നവംബർ 2 വരെ) മൊറട്ടോറിയം പ്രഖ്യാപിച്ചിരുന്നു.<br>എന്നാൽ സംസ്ഥാനത്തെ വിവിധ ബാങ്കുകളിൽ നിന്നും ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്തിരുന്ന കർഷകർ വായ്പ തിരിച്ചടയ്ക്കാനാകാത്തതിനെ തുടർന്ന് അവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചതായും, കാർഷിക മേഖലയിലെ തകർച്ചയും വിളനാശവും കാരണം കുടിശ്ശികകൾ തിരിച്ചടക്കാൻ നിവൃത്തിയില്ലാതെ വിഷമിക്കുന്നതായും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലയിലെയും കർഷകർ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും എടുത്തിട്ടുള്ള കാർഷിക വായ്പ ഉൾപ്പെടെയുള്ള എല്ലാവിധ വായ്പകളിന്മേലുള്ള ജപ്തി നടപടികൾക്കും 2017 മെയ് 31 വരെ 19.12.2016-ലെ സ.ഉ.(എം.എസ്) നം.598/16/റവ നം. ഉത്തരവ് പ്രകാരം മൊറട്ടോറിയം അനുവദിച്ചിരുന്നു. |

**സെക്ഷൻ ഓഫീസർ**